വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ

284 (294) ശ്രീ. സാജു പോൾ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റകൃത്യങ്ങൾ പെരുകികൊണ്ടിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ക്രമസമാധാനത്തിന് വെല്ലുവിളിയായി ഉയർന്നുവന്ന ഘടകങ്ങൾ എന്തെല്ലാമാണ് ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ആക്രമണങ്ങളും വർഗ്ഗീയ സംഘട്ടനങ്ങളും വർദ്ധിച്ചിട്ടുള്ളതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇന്ത്യൻ പീനൽ കോഡ് പ്രകാരം സംസ്ഥാനത്ത് 2010-ൽ രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസ്സുകളും 2014-15-ലും 2015-16-ലും രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളും തമ്മിൽ താരതമ്യം ചെയ്ത വിശദമാക്കാമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ യഥാസമയം കേസ് രജിസ്റ്റർ ചെയ്യുന്നതിൽ പോലീസ് കാണിക്കുന്ന സത്യസന്ധതയും സ്റ്റേഷൻ പരിധിക്കുള്ളിൽ നടക്കുന്ന മറ്റ് കുറ്റകൃത്യങ്ങളിന്മേൽ പോലീസ് സ്വമേധയാ കേസ്സുകൾ എടുക്കുന്നതുമാണ് കേരളത്തിൽ കുറ്റകൃത്യങ്ങളുടെ എണ്ണം പെരുകുവാനുള്ള കാരണം.

(ബി) പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനംമൂലം ക്രമസമാധാനരംഗത്ത് വെല്ലുവിളി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലഹരി വസ്തുക്കളുടെ ഉപയോഗവും ഇന്റർനെറ്റിന്റെ അമിത ഉപയോഗവും അതുവഴി പ്രചരിക്കപ്പെടുന്ന അശ്ലീല ചിത്രങ്ങളും മറ്റും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾക്ക് കാരണമാകുന്നുണ്ട്. എന്നിരുന്നാലും സ്ത്രീ ശാക്തീകരണ യൂണിറ്റുകളുടെ സഹായത്തോടെ സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തിയും സ്കൂൾ-കോളേജ് തലങ്ങളിൽ ബോധവൽക്കരണം നടത്തിയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ വളരെയധികം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വർഗ്ഗീയ സംഘട്ടനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇന്ത്യൻ പീനൽ കോഡ് പ്രകാരം 2010 മുതൽ 15-11-2015 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

വർഷം	കേസുകളുടെ എണ്ണം
2010	1,48,313
2011	1,72,137
2012	1,58,989
2013	1,76,334
2014	2,06,789
2015 (15-11-2015 വരെ)	2,20,130

ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്ത സംഭവം

285 (295) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടിയേരി നങ്ങാരത്ത് പീടികയിൽ ശ്രീനാരായണഗുരുവിന്റെ പ്രതിമ തകർത്ത സംഭവത്തിൽ കുറ്റവാളികളായവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) സംഭവത്തിൽ എന്തെല്ലാം കുറ്റങ്ങൾക്ക് ആർക്കെല്ലാം എതിരെ കേസെടുക്കുകയുണ്ടായി ;

(സി) സംഭവത്തിൽ സ്റ്റേഷൻ ജാമ്യം നൽകപ്പെട്ടവർ എത്ര ; റിമാന്റ് ചെയ്യപ്പെട്ടവർ എത്ര ;

(ഡി) കുറ്റവാളികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത് എന്നാണ് ?

ഉത്തരം

(എ) ടി സംഭവുമായി ബന്ധപ്പെട്ട 10 പ്രതികളിൽ 6 പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) നൃമാഹി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 538/15 u/s 143, 147, 148, 448, 447, 427, 153 r/w 149 IPC & Added Sec. 457 IPC പ്രകാരം 1. പ്രശോഭ് S/o. തമ്പി, 2. വൈശാഖ് കെ., S/o. സജീവൻ, 3. ധിജിൻ ദിനേശ്, S/o. ദിനേശൻ,

LIBRARY ARCHIVES Kerala Legislative Assembly